## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6197 31.10.2011-ൽ മറുപടിയ്ക്ക്

## ആർ. ജി. ജി. വൈ പദ്ധതി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ആർ. ജി. ജി. വൈ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി ഏതെല്ലാം പ്രദേശങ്ങളിലാണ് ലൈനുകൾ വലിച്ചിരിക്കുന്നത് ; | (എ) ആർ. ജി. ജി. വി. വൈ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ആറു ജില്ലകളിൽ ആരംഭിച്ചു. ഇതിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, എന്നീ ജില്ലകളിൽ ലൈൻ വലിക്കൽ പ്രവൃത്തികൾ നടന്നുവരികയാണ്. കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ സർവ്വേ ജോലികൾ പൂർത്തീകരിച്ചു. ലൈൻ വലിക്കൽ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) ഈ പ്രവൃത്തിയിൽ കെ. എസ്. ഇ. ബി. ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നുവെങ്കിൽ അതൊഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; | (ബി) ആർ. ജി. ജി. വി. വൈ യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം, പദ്ധതിയുടെ പ്രവൃത്തികൾ ടേൺകീ വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള ചുമതല അതാതു ടേൺകീ കോൺട്രാക്ടർമാർക്കു നൽകി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| പദ്ധതിയുടെ പേര് | ടേൺകീ കോൺട്രാക്ടറുടെ പേര് |
| --- | --- |
| കാസർഗോഡ് | ബെൻടെക് ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ്, കൽക്കട്ട. |
| കണ്ണൂർ | ബെൻടെക് ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ്, കൽക്കട്ട. |

| | |
|---|---|
| കോഴിക്കോട് | ബെൻടെക് ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ്, കൽക്കട്ട. |
| വയനാട് | അരാവലി ഇൻഫ്രാപവ്വർ ലിമിറ്റഡ്, ന്യൂഡൽഹി. |
| പാലക്കാട് | അരാവലി ഇൻഫ്രാപവ്വർ ലിമിറ്റഡ്, ന്യൂഡൽഹി. |
| മലപ്പുറം | ഈസ്റ്റ്കോസ്റ്റ് കൺസ്ട്രക്ഷൻ ലിമിറ്റഡ്, ചെന്നൈ. |

(സി) ആർ. ജി. ജി. വൈ. പ്രവൃത്തികൾ കെ. എസ്. ഇ. ബി ഏറ്റെടുക്കാൻ കാലതാമസം നേരിടുന്നതിനാൽ സാധാരണ മുൻഗണനയിൽ നിന്നുള്ള അപേക്ഷയിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന്, കാലതാമസം ഉണ്ടായിക്കൊണ്ടിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(സി) ഉണ്ട്. ചില പ്രദേശങ്ങളിൽ ആർ. ജി. ജി. വി. വൈ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതു കൊണ്ട് സാധാരണ മുൻഗണനയിലുള്ള കണക്ഷനുകൾ നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ ആർ. ജി. ജി. വി. വൈ പ്രവൃത്തികൾ വേഗത്തിൽ പൂർത്തികരിച്ച് പ്രസ്തുത കണക്ഷനുകൾ കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.